# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2179** **04-11-2019-ൽ മറുപടിയ്ക്ക്**

**വിദേശ മെഡിക്കൽ ബിരുദധാരികൾക്ക് പ്രാക്ടീസ് നടത്താൻ അനുവാദം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. മുല്ലക്കര രത്നാകരൻ**<br>**ശ്രീ. ചിറ്റയം ഗോപകുമാർ**<br>**ശ്രീ. മുഹമ്മദ് മുഹസിൻ പി**<br>**ശ്രീമതി. സി.കെ.ആശ** | | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| (എ)<br><br><br><br><br>(ബി) | വിദേശ മെഡിക്കൽ ബിരുദങ്ങൾ നേടി സംസ്ഥാനത്ത് എത്തുന്ന മെഡിക്കൽ ബിരുദധാരികളുടെ സർട്ടിഫിക്കറ്റ് പരിശോധന നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ;<br><br>പ്രസ്തുത ബിരുദ സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ അറിയുന്നതിന് എന്തൊക്കെ പരിശോധനാ മാർഗ്ഗങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ; | (എ)<br>&<br>(ബി) | വിദേശ രാജ്യങ്ങളിൽനിന്നും മെഡിക്കൽ ബിരുദം നേടി സംസ്ഥാനത്ത് എത്തുന്നവർ ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷനായി അപേക്ഷിക്കുന്ന സമയത്ത് അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന എല്ലാ വിദ്യാഭ്യാസ രേഖകളുടെയും പഠന കാലയളവിലെ പാസ്പോർട്ടിന്റെയും അസ്സൽ പരിശോധനാ വിധേയമാക്കുന്നുണ്ട്. പ്രസ്തുത രേഖകളുടെ ആധികാരികത പരിശോധിക്കുന്നതിനായി അതാത് +2 ബോർഡ്, എം.സി.ഐ., നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻ, ബന്ധപ്പെട്ട യൂണിവേഴ്സിറ്റി, എംബസി/ഹൈക്കമ്മിഷൻ, ഇന്റേൺഷിപ്പ് ചെയ്ത സ്ഥാപനം എന്നിവിടങ്ങളിലേയ്ക്ക് വെരിഫിക്കേഷനായി അയച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നു. പ്രസ്തുത വെരിഫിക്കേഷൻ റിപ്പോർട്ടുകളും എം.സി.ഐ.-യുടെ സ്ക്രീനിംഗ് ടെസ്റ്റ് റഗുലേഷൻസ്-2002, ക്ലോസ് 4(1) പ്രകാരം, ഓരോ രാജ്യത്തിലെയും പ്രൈമറി മെഡിക്കൽ ക്വാളിഫിക്കേഷൻ പ്രസ്തുത രാജ്യത്ത് പ്രാക്ടീസ് ചെയ്യാവുന്ന യോഗ്യതയാണെന്ന് ആ രാജ്യത്തെ ഇന്ത്യൻ എംബസ്സി/ഹൈക്കമ്മിഷൻ മുഖേന സാക്ഷ്യപ്പെടുത്തി നല്കുന്ന രേഖകളും റ്റി.സി.എം.സി. നിയോഗിക്കുന്ന സ്കൂട്ടിണി കമ്മിറ്റി സൂക്ഷ്മ പരിശോധന നടത്തി നൽകുന്ന ശിപാർശ കൗൺസിൽ അംഗീകരിച്ചതിനുശേഷം മാത്രമാണ് രജിസ്ട്രേഷനുകൾ നൽകാറുള്ളത്. |

| | | | |
|---|---|---|---|
| (സി) | വിദേശത്ത് ഓഫ് കാമ്പസ് വിദ്യാഭ്യാസം വഴിയും വിദൂര വിദ്യാഭ്യാസ സംവിധാനം വഴിയും മെഡിക്കൽ ബിരുദം കരസ്ഥമാക്കുന്നവരെ സംസ്ഥാനത്ത് പ്രാക്ടീസ് നടത്താൻ അനുവദിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഓഫ് കാമ്പസ് മുഖേന മെഡിക്കൽ ബിരുദം നേടിയിട്ടുള്ള വിദേശ മെഡിക്കൽ ബിരുദധാരികൾക്ക് കോടതി വിധികളുടെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ അനുവദിച്ചിട്ടുണ്ട്. എന്നാൽ, അത്തരം അപേക്ഷകരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും, അത് ആരോഗ്യ മേഖലയ്ക്ക് ഗുണകരമല്ലെന്ന് കാണുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ, മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരമില്ലാത്ത സ്ഥാപനങ്ങളിൽ ഓഫ് കാമ്പസ് രീതിയിൽ മെഡിക്കൽ ബിരുദം നേടി വരുന്നവർക്ക് രജിസ്ട്രേഷൻ അനുവദിക്കേണ്ടതില്ലെന്ന് ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിൽ തീരുമാനിക്കുകയും, പ്രസ്തുത തീരുമാനം പത്രമാധ്യമങ്ങൾ മുഖേന പൊതുജനങ്ങളെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | വിദേശ വിദ്യാഭ്യാസം നേടിയ മെഡിക്കൽ ബിരുദധാരികൾക്ക് സംസ്ഥാനത്ത് ഇന്റേൺഷിപ്പ് നിർബന്ധമാക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ഉണ്ട്. വിദേശ മെഡിക്കൽ ബിരുദം നേടി ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലിൽ സ്ഥിര രജിസ്ട്രേഷനായി 01-01-2018 മുതൽ അപേക്ഷ സമർപ്പിക്കുന്നവർ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ചിട്ടുള്ള കേരളത്തിലോ ഇന്ത്യയിലെ മറ്റേതെങ്കിലും സംസ്ഥാനത്തോ ഉള്ള സ്ഥാപനത്തിൽ ഒരു വർഷത്തെ ഇന്റേൺഷിപ്പ് പരിശീലനം പൂർത്തീകരിക്കേണ്ടതുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ